## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം
# ഒക്ടോബർ
# 2017




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം
## 2017

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണു പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം എല്ലാ ദിവസവും 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ ശേഖരിക്കുകയും വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ചു റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് പ്രൈസ് ബുള്ളററിൻ എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷാ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണു പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

18-11-2017 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി എത്തിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, കലാപങ്ങൾ, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണം.

അവലോകന മാസമായ ഒക്ടോബറിൽ സമ്മിശ്രമായ ഒരു പ്രതികരണമാണ് വിപണിയിൽ ദൃശ്യമായത്.

സംസ്ഥാനത്ത് അരിയുടെ വില സപ്തംബർ മാസത്തിനു ശേഷം ഗണ്യമായി കുറഞ്ഞു വരുന്നു എന്നുള്ളത് വിപണിയിലുള്ള ഗുണപരമായ ഒരു മാററമായി കണക്കാക്കാം. ആന്ധ്രപ്രദേശ്, തെലുങ്കാന, കർണാടക തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നും അരിയുടെ വരവു വർദ്ധിച്ചതോടെയാണ് വിലയിൽ കുറവ് ഉണ്ടായിരിക്കുന്നത്. എല്ലാ ഇനം അരിയുടെയും വിലയിൽ ഈ കുറവ് ദൃശ്യമായിരുന്നു.

പച്ചക്കറി ഇനങ്ങളുടെ വിലയിൽ കാര്യമായ വ്യതിയാനം ഉണ്ടായി. ഉള്ളി, സവാള, തക്കാളി, കാബേജ് എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായിരുന്നു. മഴ കാരണം വിള നശിച്ചതിനാലാണ് ഉള്ളിയുടെയും സവാളയുടെയും വില വർദ്ധനവിനു കാരണമെന്നു വിപണിയിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

പഴവർഗ്ഗങ്ങളുടെ വിലയിൽ സപ്തംബർ മാസത്തിനു ശേഷം കണ്ടുവരുന്ന കുറവ് ഒക്ടോബർ മാസത്തിലും തുടർന്നു.

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിൽ അവലോകന മാസവും യാതൊരു മാററവും ഉണ്ടായില്ല.

പയർ വർഗ്ഗങ്ങളുടെ വിലയിൽ ചെറിയ തോതിലാണെങ്കിലും കുറവ് തുടർന്നു.

നിർമ്മാണ മേഖലയിൽ നോട്ട് നിരോധനത്തിനു ശേഷം കണ്ടുവരുന്ന മാന്ദ്യവും ജി എസ് ടി യും കാരണം സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തി.

## 1.ധാന്യങ്ങൾ

ആന്ധ്ര, തെലുങ്കാന, കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയുടെ വരവ് വർദ്ധിച്ചതോടുകൂടി സംസ്ഥാനത്ത് അരിയുടെ വില ഗണ്യമായി കുറഞ്ഞു തുടങ്ങിയിട്ടുണ്ട്. ഈ കുറവ് തുടർന്നുള്ള മാസങ്ങളിലും തുടരാനാണു സാധ്യത. 50 രൂപ വരെ എത്തിയിരുന്ന അരിയുടെ വില ഇപ്പോൾ 45 ഉം അതിനു താഴെയും എത്തി നിൽക്കുന്നു. എല്ലാ ഇനം അരിയുടെയും വിലയിൽ ഈ കുറവ് ദൃശ്യമാണു.

എന്നാൽ കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വില ഇപ്പോഴും ഉയർന്നു തന്നെയാണു നിൽക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 35.39 | 44.02 | 43.17 | -1.93 | 21.98 |
| 2 | .ചമ്പ | കിലോഗ്രാം | 34.00 | 42.13 | 42.38 | 0.59 | 24.65 |
| 3 | .റോസ് | കിലോഗ്രാം | 35.28 | 43.73 | 42.89 | -1.92 | 21.57 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 32.37 | 38.25 | 38.38 | 0.34 | 18.57 |
| 5 | ജയ | കിലോഗ്രാം | 33.03 | 40.88 | 40.44 | -1.07 | 22.42 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.85 | 32.23 | 32.33 | 0.30 | -1.58 |



## II. പയർ വർഗ്ഗങ്ങൾ

കേരളത്തിൽ വിപണിയിൽ ഏററവും കൂടുതൽ പയർ വർഗ്ഗങ്ങൾ എത്തുന്നത് ഉത്തരേന്ത്യയിൽ നിന്നാണു. നടപ്പു വർഷം പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ കുറവ് ദൃശ്യമായിരുന്നു. ഉത്തരേന്ത്യയിൽ നിന്നുമുള്ള പയർ വർഗ്ഗങ്ങളുടെ വരവു കൂടിയതാണു ഇതിനു കാരണം. സപ്തംബർ മാസത്തിൽ അൽപം വിലക്കയററം ഉണ്ടായെങ്കിലും ഓക്ടോബർ മാസത്തോടെ വില വീണ്ടും കുറഞ്ഞു തുടങ്ങുകയും ചെയ്തു. നവംബർ മാസത്തിലും വില കുറയുവാണുള്ള പ്രവണതയാണു കാണുന്നത്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.07 | 86.82 | 85.34 | -1.70 | -0.85 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 103.91 | 92.21 | 90.63 | -1.71 | -12.78 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 144.40 | 101.78 | 99.93 | -1.82 | -30.80 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 138.77 | 96.45 | 94.29 | -2.24 | -32.05 |
| 5 | വൻപയർ | കിലോഗ്രാം | 81.84 | 77.57 | 76.98 | -0.76 | -5.94 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 134.02 | 86.71 | 85.61 | -1.27 | -36.12 |
| 7 | കടല(വലുത്) | കിലോഗ്രാം | 120.08 | 97.69 | 97.89 | 0.20 | -18.48 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 111.40 | 85.06 | 83.06 | -2.35 | -25.44 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 45.00 | 41.38 | 41.19 | -0.46 | -8.47 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 95.69 | 72.95 | 73.42 | 0.64 | -23.27 |



## III .മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകന മാസത്തിൽ ഈ ഇനത്തിൽ ഏകദേശം എല്ലാ ഇനങ്ങളും കാര്യമായ വ്യതിയാനം ഇല്ലാതെ നിലകൊണ്ടു. കോഴിയുടെ വിലയിൽ നേരിയൊരു വർദ്ധനവു കണ്ടു, എന്നാൽ ഇത് താൽകാലികമാണെന്നാണ് വിപണിയിൽ നിന്നുള്ള റിപ്പോർട്ട്. ഇതു നവംബർ മാസത്തോടെ വീണ്ടും കുറയുവാനുള്ള സാധ്യത ഉണ്ട്.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ പഞ്ചസാര, കരുപ്പെട്ടി, ശർക്കര, ആട്ടിറച്ചി എന്നിവയുടെ വില ഉയർന്നു നിൽക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.91 | 43.50 | 43.04 | -1.06 | 7.84 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 127.79 | 143.48 | 141.83 | -1.15 | 10.99 |
| 3 | ശർക്കര | കിലോഗ്രാം | 54.50 | 60.09 | 58.82 | -2.11 | 7.93 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 53.32 | 52.48 | 52.11 | -0.71 | -2.27 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 490.71 | 513.39 | 515.71 | 0.45 | 5.09 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 98.83 | 97.46 | 99.46 | 2.05 | 0.64 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 147.95 | 147.82 | -0.09 | -0.03 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.43 | 160.90 | 160.69 | -0.13 | 0.79 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

വെളിച്ചെണ്ണ, തേങ്ങ എന്നിവയുടെ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലവർദ്ധനവ് യാതൊരു മാററവുമില്ലാതെ ഒക്ടോബർ മാസത്തിലും തുടർന്നു. പല ജില്ലകളിലും വെളിച്ചെണ്ണയുടെ വില കിലോഗ്രാമിനു 200 രൂപ കവിഞ്ഞു. ഈ വർദ്ധനവ് തുടരാനാണു സാധ്യതയെന്നാണു വിപണിയിൽ നിന്നുള്ള സൂചന. കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വെളിച്ചെണ്ണ 66 ശതമാനവും തേങ്ങ 58 ശതമാനവും വില വർദ്ധിച്ചതായി കാണുന്നു.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 111.52 | 181.54 | 185.14 | 1.98 | 66.02 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.38 | 141.94 | 141.50 | -0.31 | -1.99 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.13 | 89.23 | 89.23 | 0.00 | 0.11 |
| 4 | നല്ലെണ്ണ | ലിററർ | 140.11 | 145.59 | 146.07 | 0.33 | 4.25 |
| 5 | കടുക് എണ്ണ | ലിററർ | 135.67 | 139.40 | 140.40 | 0.72 | 3.49 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.71 | 93.11 | 92.63 | -0.52 | -0.09 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.34 | 89.33 | 89.20 | -0.15 | -0.16 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 133.75 | 198.71 | 210.68 | 6.02 | 57.52 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

ഈ ഇനത്തിൽ ഉള്ളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായിരുന്നു.ഈ വർഷം ജനുവരിയിൽ 30 രൂപ വിവിധ ജില്ലകളിൽ റിപ്പോർട്ട് ചെയ്തിരുന്ന ഉള്ളിയുടെ വില ഫെബ്രുവരി മുതൽ വർദ്ധിക്കുകയും ജൂൺ മാസത്തോടെ അത് 130 -140 രൂപയിൽ എത്തുകയും ചെയ്തു. എന്നാൽ പിന്നീട് ജൂലൈ മുതൽ ഇതിൽ കുറവ് രേഖപ്പെടുത്തുകയും ഓഗസ്ത് അവസാനത്തോടെ 85-95 നിലവാരത്തിലെത്തിയ വില സപ്തംബർ അവസാനത്തോടെ കുതിച്ചുയരുകയും അവലോകന മാസത്തിൽ 140 രൂപയോളം പലജില്ലകളിലും റിപ്പോർട്ട് ചെയ്തു. മഴ കാരണം വിള നശിച്ചതിനാലാണു ഉള്ളിയുടെ വില വർദ്ധനവിനു കാരണം. നവംബർ മാസത്തിലും വില വർദ്ധനവു തുടരാനാണു സാതൃതയെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉള്ളിയുടെ വിലയിൽ 219 ശതമാനം വർദ്ധനവു രേഖപ്പെടുത്തി.പുളി ജീരകം, ഉള്ളി എന്നിവ ഒഴികെ ഈ ഇനങ്ങളിൽ ബാക്കി എല്ലാ ഇനങ്ങളിലും വിലക്കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 113.82 | 90.41 | 89.98 | -0.48 | -20.95 |
| 2 | മുളക് | കിലോഗ്രാം | 156.95 | 89.70 | 89.20 | -0.56 | -43.17 |
| 3 | ഉള്ളി | കിലോഗ്രാം | 34.73 | 97.95 | 110.82 | 13.14 | 219.09 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 115.18 | 130.74 | 136.82 | 4.65 | 18.79 |
| 5 | ജീരകം | 100 ഗ്രാം | 27.73 | 28.66 | 28.73 | 0.24 | 3.61 |
| 6 | കടുക് | 100 ഗ്രാം | 9.04 | 8.94 | 8.80 | -1.57 | -2.65 |
| 7 | ഉലുവ | 100 ഗ്രാം | 11.09 | 9.90 | 9.61 | -2.93 | -13.35 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.82 | 18.30 | 18.14 | -0.87 | -3.61 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.27 | 8.88 | 8.70 | -2.03 | -46.53 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 755.00 | 572.79 | 552.88 | -3.48 | -26.77 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളിൽ ബീററ്റൂട്ട്, കാരററ്, ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ അവലോകന മാസത്തിൽ കാര്യമായ വിലക്കയററം ദൃശ്യമായി. ചേന ,ചേമ്പ് ഇവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ബീററ്റൂട്ട്,കാരററ്,എന്നിവ യഥാക്രമം 66 ശതമാനവും,37 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.88 | 40.79 | 38.48 | -5.66 | -1.03 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 30.11 | 24.90 | 23.93 | -3.90 | -20.52 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.66 | 23.96 | 24.79 | 3.46 | -13.50 |
| 4 | ചേമ്പ് | കിലോഗ്രാം | 56.20 | 62.79 | 55.13 | -12.20 | -1.90 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 30.04 | 42.29 | 49.93 | 18.07 | 66.21 |
| 6 | കാരററ് | കിലോഗ്രാം | 40.34 | 49.25 | 55.21 | 12.10 | 36.86 |



## VII. പച്ചക്കറി ഇനങ്ങൾ

പച്ചക്കറി ഇനങ്ങളിൽ ഭൂരിഭാഗം ഇനങ്ങളിലും അവലോകനമാസത്തിൽ വിലക്കയറ്റം ദൃശ്യമായിരുന്നു.സവാള തക്കാളി, കാബേജ് എന്നീ ഇനങ്ങൾക്കാണു കാര്യമായ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്. വഴുതന, വെള്ളരിക്ക, പാവയ്ക, ബീൻസ് എന്നിവയുടെ വിലയിലും വർദ്ധനവ് രേഖപ്പെടുത്തി.പഴവർഗ്ഗങ്ങളുടെ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് ഏത്തയ്ക്ക പച്ച, വാഴയ്ക്ക പച്ച എന്നിവയുടെ വിലയിലും ദൃശ്യമായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സവാളയുടെ വില 116 ശതമാനത്തിലധികം വർദ്ധനവ് രേഖപ്പെടുത്തി. വഴുതന, വെള്ളരിക്ക, ബീൻസ്, കാബേജ്, പാവയ്ക്ക, കുമ്പളങ്ങ, തക്കാളി, പച്ചമുളക് എന്നിവയുടെ വിലയും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 17.20 | 28.96 | 37.20 | 28.45 | 116.28 |
| 2 | വഴുതന | കിലോഗ്രാം | 27.73 | 36.60 | 43.71 | 19.43 | 57.63 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.14 | 22.82 | 22.88 | 0.26 | 26.13 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 17.93 | 20.89 | 24.13 | 15.51 | 34.58 |
| 5 | വെണ്ടക്ക | കിലോഗ്രാം | 33.86 | 31.62 | 33.57 | 6.17 | -0.86 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 48.20 | 54.04 | 59.75 | 10.57 | 23.96 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 55.25 | 59.90 | 60.32 | 0.70 | 9.18 |
| 8 | കാബേജ് | കിലോഗ്രാം | 27.41 | 34.16 | 52.96 | 55.04 | 93.21 |
| 9 | പാവയ്ക്ക | കിലോഗ്രാം | 42.79 | 49.36 | 52.84 | 7.05 | 23.49 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 18.86 | 27.09 | 24.93 | -7.97 | 32.18 |
| 11 | പടവലങ്ങ | കിലോഗ്രാം | 33.32 | 39.01 | 37.16 | -4.74 | 11.52 |
| 12 | തക്കാളി | കിലോഗ്രാം | 22.82 | 27.69 | 40.04 | 44.60 | 75.46 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.37 | 4.95 | 5.17 | 4.44 | 18.31 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 50.05 | 56.20 | 52.07 | -7.35 | 4.04 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.58 | 42.78 | 41.46 | -3.09 | 27.26 |



## VIII. ഭക്ഷ്യേതര വസ്തുക്കൾ

നോട്ട് നിരോധനത്തിനു ശേഷം നിർമ്മാണ മേഖലയിൽ കണ്ടുവരുന്ന മാന്ദ്യവും ജി എസ് ടി യും കാരണം സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷം 450 രൂപയോളം രേഖപ്പെടുത്തിയിരുന്ന സിമന്റിന്റെ വില നടപ്പ് വർഷം തുടർച്ചയായി കുറയുകയും നിലവിൽ വിവിധ ജില്ലകളിൽ 350 രൂപ വരെ എത്തി നിൽക്കുകയുമാണ്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.62 | 19.87 | 19.85 | -0.10 | 12.66 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.63 | 27.77 | 27.50 | -0.97 | 7.30 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 478.57 | 507.14 | 507.14 | 0.00 | 5.97 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 418.59 | 390.16 | 385.47 | -1.20 | -7.91 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 412.34 | 385.16 | 380.00 | -1.34 | -7.84 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 39.95 | 44.27 | 43.98 | -0.66 | 10.09 |



## IX.പഴ വർഗ്ഗങ്ങൾ

മാതളം ഒഴികെയുള്ള എല്ലാ ഇനം പഴവർഗ്ഗങ്ങളുടെയും വിലയിൽ അവലോകന മാസത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തി.ഏത്തപ്പഴം വിവിധ ഇനം വാഴപ്പഴങ്ങൾ എന്നിവയുടെ വിലയിൽ സപ്തംബർ മാസം മുതൽ ക്രമമായി കുറഞ്ഞു വരികയാണ്. ആഭ്യന്തര ഉൽപ്പാദനവും തമിഴ്നാട്ടിൽ നിന്നുള്ള വരവും വർദ്ധിച്ചതോടെയാണു ഏത്തപ്പഴം വാഴപ്പഴം എന്നിവയുടെ വിലയിൽ കുറവ് വന്നത്. നവമ്പർ മാസത്തിലും ഈ കുറവ് തുടരാൻ സാധ്യത ഉണ്ട് എന്നാണു വിപണി വൃത്തങ്ങൾ അർറിയിച്ചത്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 147.50 | 145.30 | 134.75 | -7.26 | -8.64 |
| 2 | മുസമ്പി | കിലോഗ്രാം | 66.92 | 54.69 | 54.90 | 0.39 | -17.96 |
| 3 | മാതളം | കിലോഗ്രാം | 137.71 | 93.17 | 98.58 | 5.81 | -28.41 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 107.20 | 115.15 | 109.13 | -5.23 | 1.81 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 55.98 | 67.22 | 56.98 | -15.23 | 1.79 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.80 | 44.04 | 36.93 | -16.15 | 19.88 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 47.88 | 78.11 | 64.30 | -17.68 | 34.32 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.45 | 62.17 | 55.00 | -11.53 | 15.92 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.07 | 35.77 | 33.34 | -6.80 | 23.15 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 110.00 | 112.49 | 104.13 | -7.43 | -5.34 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 25.86 | 25.19 | 22.11 | -12.22 | -14.50 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 95.10 | 88.93 | 78.57 | -11.65 | -17.38 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 70.83 | 69.22 | 66.25 | -4.29 | -6.47 |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 35.39 | 44.02 | 43.17 | -1.93 | 21.98 |
| 2 | .ചമ്പ | കിലോഗ്രാം | 34.00 | 42.13 | 42.38 | 0.59 | 24.65 |
| 3 | .റോസ് | കിലോഗ്രാം | 35.28 | 43.73 | 42.89 | -1.92 | 21.57 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 32.37 | 38.25 | 38.38 | 0.34 | 18.57 |
| 5 | ജയ | കിലോഗ്രാം | 33.03 | 40.88 | 40.44 | -1.07 | 22.42 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.85 | 32.23 | 32.33 | 0.30 | -1.58 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.07 | 86.82 | 85.34 | -1.70 | -0.85 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 103.91 | 92.21 | 90.63 | -1.71 | -12.78 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 144.40 | 101.78 | 99.93 | -1.82 | -30.80 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 138.77 | 96.45 | 94.29 | -2.24 | -32.05 |
| 5 | വൻപയർ | കിലോഗ്രാം | 81.84 | 77.57 | 76.98 | -0.76 | -5.94 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 134.02 | 86.71 | 85.61 | -1.27 | -36.12 |
| 7 | കടല(വലുത്) | കിലോഗ്രാം | 120.08 | 97.69 | 97.89 | 0.20 | -18.48 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 111.40 | 85.06 | 83.06 | -2.35 | -25.44 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 45.00 | 41.38 | 41.19 | -0.46 | -8.47 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 95.69 | 72.95 | 73.42 | 0.64 | -23.27 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.91 | 43.50 | 43.04 | -1.06 | 7.84 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 127.79 | 143.48 | 141.83 | -1.15 | 10.99 |
| 3 | ശർക്കര | കിലോഗ്രാം | 54.50 | 60.09 | 58.82 | -2.11 | 7.93 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 53.32 | 52.48 | 52.11 | -0.71 | -2.27 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 490.71 | 513.39 | 515.71 | 0.45 | 5.09 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 98.83 | 97.46 | 99.46 | 2.05 | 0.64 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 147.95 | 147.82 | -0.09 | -0.03 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.43 | 160.90 | 160.69 | -0.13 | 0.79 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 111.52 | 181.54 | 185.14 | 1.98 | 66.02 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.38 | 141.94 | 141.50 | -0.31 | -1.99 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.13 | 89.23 | 89.23 | 0.00 | 0.11 |
| 4 | നല്ലെണ്ണ | ലിററർ | 140.11 | 145.59 | 146.07 | 0.33 | 4.25 |
| 5 | കടുക് എണ്ണ | ലിററർ | 135.67 | 139.40 | 140.40 | 0.72 | 3.49 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.71 | 93.11 | 92.63 | -0.52 | -0.09 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.34 | 89.33 | 89.20 | -0.15 | -0.16 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 133.75 | 198.71 | 210.68 | 6.02 | 57.52 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 113.82 | 90.41 | 89.98 | -0.48 | -20.95 |
| 2 | മുളക് | കിലോഗ്രാം | 156.95 | 89.70 | 89.20 | -0.56 | -43.17 |
| 3 | ഉള്ളി | കിലോഗ്രാം | 34.73 | 97.95 | 110.82 | 13.14 | 219.09 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 115.18 | 130.74 | 136.82 | 4.65 | 18.79 |
| 5 | ജീരകം | 100 ഗ്രാം | 27.73 | 28.66 | 28.73 | 0.24 | 3.61 |
| 6 | കടുക് | 100 ഗ്രാം | 9.04 | 8.94 | 8.80 | -1.57 | -2.65 |
| 7 | ഉലുവ | 100 ഗ്രാം | 11.09 | 9.90 | 9.61 | -2.93 | -13.35 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.82 | 18.30 | 18.14 | -0.87 | -3.61 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.27 | 8.88 | 8.70 | -2.03 | -46.53 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 755.00 | 572.79 | 552.88 | -3.48 | -26.77 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.88 | 40.79 | 38.48 | -5.66 | -1.03 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 30.11 | 24.90 | 23.93 | -3.90 | -20.52 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.66 | 23.96 | 24.79 | 3.46 | -13.50 |
| 4 | ചേമ്പ് | കിലോഗ്രാം | 56.20 | 62.79 | 55.13 | -12.20 | -1.90 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 30.04 | 42.29 | 49.93 | 18.07 | 66.21 |
| 6 | കാരററ് | കിലോഗ്രാം | 40.34 | 49.25 | 55.21 | 12.10 | 36.86 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 17.20 | 28.96 | 37.20 | 28.45 | 116.28 |
| 2 | വഴുതന | കിലോഗ്രാം | 27.73 | 36.60 | 43.71 | 19.43 | 57.63 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.14 | 22.82 | 22.88 | 0.26 | 26.13 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 17.93 | 20.89 | 24.13 | 15.51 | 34.58 |
| 5 | വെണ്ടക്ക | കിലോഗ്രാം | 33.86 | 31.62 | 33.57 | 6.17 | -0.86 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 48.20 | 54.04 | 59.75 | 10.57 | 23.96 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 55.25 | 59.90 | 60.32 | 0.70 | 9.18 |
| 8 | കാബേജ് | കിലോഗ്രാം | 27.41 | 34.16 | 52.96 | 55.04 | 93.21 |
| 9 | പാവയ്ക്ക | കിലോഗ്രാം | 42.79 | 49.36 | 52.84 | 7.05 | 23.49 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 18.86 | 27.09 | 24.93 | -7.97 | 32.18 |
| 11 | പടവലങ്ങ | കിലോഗ്രാം | 33.32 | 39.01 | 37.16 | -4.74 | 11.52 |
| 12 | തക്കാളി | കിലോഗ്രാം | 22.82 | 27.69 | 40.04 | 44.60 | 75.46 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.37 | 4.95 | 5.17 | 4.44 | 18.31 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 50.05 | 56.20 | 52.07 | -7.35 | 4.04 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.58 | 42.78 | 41.46 | -3.09 | 27.26 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2016 | സപ്തംബർ 2017 | ഒക്ടോബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.62 | 19.87 | 19.85 | -0.10 | 12.66 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.63 | 27.77 | 27.50 | -0.97 | 7.30 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 478.57 | 507.14 | 507.14 | 0.00 | 5.97 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 418.59 | 390.16 | 385.47 | -1.20 | -7.91 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 412.34 | 385.16 | 380.00 | -1.34 | -7.84 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 39.95 | 44.27 | 43.98 | -0.66 | 10.09 |
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 147.50 | 145.30 | 134.75 | -7.26 | -8.64 |
| 2 | മുസമ്പി | കിലോഗ്രാം | 66.92 | 54.69 | 54.90 | 0.39 | -17.96 |
| 3 | മാതളം | കിലോഗ്രാം | 137.71 | 93.17 | 98.58 | 5.81 | -28.41 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 107.20 | 115.15 | 109.13 | -5.23 | 1.81 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 55.98 | 67.22 | 56.98 | -15.23 | 1.79 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.80 | 44.04 | 36.93 | -16.15 | 19.88 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 47.88 | 78.11 | 64.30 | -17.68 | 34.32 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.45 | 62.17 | 55.00 | -11.53 | 15.92 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.07 | 35.77 | 33.34 | -6.80 | 23.15 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 110.00 | 112.49 | 104.13 | -7.43 | -5.34 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 25.86 | 25.19 | 22.11 | -12.22 | -14.50 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 95.10 | 88.93 | 78.57 | -11.65 | -17.38 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 70.83 | 69.22 | 66.25 | -4.29 | -6.47 |